**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം - ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ, ശ്രീ ജയിംസ് ജോസഫിന് - കെ.എസ്.ആർ ഭാഗം -I അനുബന്ധം XII C പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/39452/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 29.10.2023

---

വായന:- 1. കോട്ടയം, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ 11-09-2023 ലെ E1/5475/23/ജിപിസി-എൻടികെ നമ്പർ കത്ത്

2. കോട്ടയം, സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ ആയ ശ്രീ ജയിംസ് ജോസഫിൻറെ അവധി അപേക്ഷ.

3. 01-12-2012 ലെ സ.ഉ(പി)നം.656/2012/ധന.

4. 24-08-2017 ലെ G.O (P) No.112/2017/Fin.

5.05-11-2020 ലെ സ.ഉ(അ ) നം.152/2020/ധന. 24-08-2017 സർക്കാർ ഉത്തരവ്

6.30.12.2020 ലെ 83/2020/ധന നമ്പർ സർക്കുലർ

7. 9-6-2022 തീയതിയിലെ 44/2022/ഫിൻ നംബർ സർക്കുലർ.

**<u>ഉത്തരവ്</u>**

വായന (1,2) പ്രകാരം കോട്ടയം, സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം ഡെമോൺസ്ട്രേറ്റർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജയിംസ് ജോസഫിനു വിദേശത്തു പങ്കാളിയോടൊപ്പം താമസിക്കുന്നതിനായി കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII C പ്രകാരം 01.12.2023 മുതൽ 5 വർഷത്തേക്ക് ശൂന്യവേതന അവധി അനുവദിക്കണമെന്നവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പരാമർശം (1) പ്രകാരം പ്രിൻസിപ്പാൾ, അവധി അപേക്ഷ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.പരാമർശം (3),(4) ലെ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം അതാത് വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നല്കിയിരിക്കുന്നു. വായന(5,6) പ്രകാരം **കെ.എസ്.ആർ ഭാഗം I, അനുബന്ധം XII A,XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരുദ്യോഗസ്ഥന് സർവീസ് കാലയളവിൽ അനുവദിക്കാവുന്ന പരമാവധി ശൂന്യവേതനാവധി കാലയളവ് 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.**

മേൽ സാഹചര്യത്തിൽ, കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം ഡെമോൺസ്ട്രേറ്റർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജയിംസ് ജോസഫിനു(PEN:815791), വിദേശത്തു പങ്കാളിയോടൊപ്പം താമസിക്കുന്നതിനായി 01-12-2023 **മുതൽ 5 വർഷത്തേയ്ക്ക് കെ.എസ്.ആർ ഭാഗം I, അനുബന്ധം XII C യിലെ നിബന്ധനകൾ പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

Draft #1 of File EC1/39452/23/DTE Approved by Director (in-charge) on 29-Oct-2023 10:58 PM - Page 1

**പ്രസ്തുത കാലയളവ് യാതൊരു വിധ സർവീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കുന്നതല്ല. യാതൊരു കാരണവശാലും 5 വർഷത്തിന് മേൽ പ്രസ്തുത അവധി ദീർഘിപ്പിക്കുന്നതല്ല. കൂടാതെ 5 വർഷത്തിന് ശേഷം ജോലിക്കു ഹാജരാകാതിരുന്നാൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.**

അനുവദിച്ച അവധി കാലാവധി പൂർത്തിയായതിന് ശേഷമോ , അനുവദിച്ച അവധി റെദ്ധ് ചെയ്തു തിരികെ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് തീരുമാനിക്കുന്ന പക്ഷമോ ഏതായാലും പുന:പ്രവേശന ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സൂചന 7 ൽ പറയുന്ന പ്രകാരം 2 മാസം മുൻപേ അപേക്ഷ നല്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ശ്രീ ജയിംസ് ജോസഫ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം ഡെമോൺസ്ട്രേറ്റർ , സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം, (പ്രിൻസിപ്പാൾ മുഖാന്തിരം).
2. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം
3. അക്കൌണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം.
4. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വെബ് സൈറ്റ്.
5. ഓഫീസ് പകർപ്പ്.
6. കരുതൽ ഫയൽ

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 29.10.2023
Reason: Approved

Draft #1 of File EC1/39452/23/DTE Approved by Director (in-charge) on 29-Oct-2023 10:58 PM - Page 2

The document is digitally approved. Hence signature is not needed.